**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3061** | **14-02-2024 - ൽ മറുപടിയ്ക്ക്**

**നദികളിലെ മലിനീകരണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളിലേക്ക് വൻതോതിൽ മാംസ മാലിന്യങ്ങൾ തള്ളുന്നത് മൂലവും ഓടകൾ തുറന്നു വിടുന്നതിനാലും നദികളിൽ മലിനീകരണം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. മാംസ മാലിന്യങ്ങളുടെ നിക്ഷേപം നഗരങ്ങളിൽ നിന്നുള്ള ഓടകൾ വഴി ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന മാലിന്യം, പ്ലാന്റേഷനുകളിൽ നിന്ന് എത്തിച്ചേരുന്ന രാസവളം/ രാസകീടനാശിനികൾ, ഗാർഹിക മാലിന്യങ്ങൾ, റയിൽവേ സ്റ്റേഷനുകൾ/ബസ് സ്റ്റേഷനുകൾ, വ്യാവസായിക ശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം തുടങ്ങിയവയാണ് നദീമലിനീകരണത്തിന് ഇടയാക്കുന്നത്. ഒപ്പം ഹോട്ടലുകളിൽ നിന്നുള്ള ജലവും, ശുചിമുറി മാലിന്യങ്ങളും നേരിട്ട് തുറന്നു വിടുന്നതും മലിനീകരണ ഭീഷണിക്കിടയാക്കുന്നുണ്ട്. |
| (ബി) | നദികളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും, നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കുന്നതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 2018 - ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും, ഇവയിൽ തുടർ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (സി) | നദികളിലെ മലിനീകരണം തടയുന്നതു സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെ (NWQMP) പഠനമനുസരിച്ച്, രാജ്യത്തെ 351 നദീതീരങ്ങൾ മലിനമായതായി നിരീക്ഷിച്ചിരുന്നു. അതിൽ 21 റീച്ചുകൾ കേരളത്തിലാണ്. ബിഒഡിയുടെ അളവും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും വിശകലനം ചെയ്താണ് പഠനം നടത്തിയത്. OA673/2018 പ്രകാരം ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണൽ (NGT) സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തിരുന്നു. മലിനീകരണത്തിന്റെ തോത് അടിസ്ഥാനമാക്കി സ്ട്രെച്ചുകളെ-I,II,III,IV,V എന്നിങ്ങനെ മുൻഗണനകളായി തരംതിരിച്ചിട്ടുണ്ട്. ബഹു. ദേശിയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവനുസരിച്ച് 'റിവർ റിജുവനേഷൻ കമ്മിറ്റി' (RRC) രൂപീകരിച്ചിട്ടുണ്ട്. വലിയ തോതിലുള്ള മലിനീകരണത്തിന് വിധേയമായെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് കണ്ടെത്തിയ കേരളത്തിലെ 21 നദീ ഭാഗങ്ങളുടെ മലിനീകരണ- ലഘൂകരണ/ നിയന്ത്രണ പദ്ധതി രേഖ തയ്യാറാക്കുവാൻ നിർദ്ദേശം ലഭിച്ചു. മലിനീകരണം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി, എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥലം സന്ദർശിക്കുകയും ഡാറ്റ ശേഖരിക്കുകയും മലിനീകരണ തോത് വിലയിരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുകയും ഓരോ നദിയുടെയും വിശദമായ മലിനീകരണം സംബന്ധിച്ച പഠന |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു..തുടർന്ന് എല്ലാ നദീതീരങ്ങളുടെയും നിരീക്ഷണത്തിനും പരിപാലനത്തിനുമുള്ള ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. വിവിധ വകുപ്പുകളുടെ യോജിച്ച പ്രവർത്തനങ്ങളോടെ എല്ലാ നദീതീരങ്ങളുടെയും കർമപദ്ധതി തയ്യാറാക്കി നദീ പുനരുജ്ജീവന സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മാലിന്യങ്ങൾ നീക്കം ചെയ്ത് നദികൾ ശുചീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തിലെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും 2 (രണ്ട്) കോടി രൂപ ജലസേചന വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത കർമപദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഇത്തരത്തിലെ ഇടപെടലുകളെ തുടർന്ന് NGT-യുടെ ഉത്തരവിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ 18 ആയി കുറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതിനു പുറമേ ജനപങ്കാളിത്തത്തോടു കൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ